വിശ്വാസയോഗ്യമായ യാത്ര

സ്നേഹത്തിന്റെ പാതയിലൂടെയുള്ള മുന്നേറ്റം

പ്രിയപ്പെട്ട സുഹൃത്തുക്കളെ,

അവനവന്റെ പരിവർത്തനമാണ് പൊതുവായ ലക്ഷ്യം എന്ന് എല്ലാ ആദ്ധ്യാത്മികാന്വേഷികളും പങ്കുവെയ്ക്കുന്നു. പല ആത്മീയ പാതകളും രീതികളും ഒരു ഗുരുവിനെ ആശ്രയിക്കുന്നത് ഒഴിച്ചുകൂടാനാവാത്ത ഘടകമായി കണക്കാക്കുന്നു; എങ്കിലും, നാം ആരെയെങ്കിലും എപ്പോഴും ആശ്രയിക്കുന്നുവെങ്കിൽ പരിണാമം അസാദ്ധ്യമാകും. "എനിക്ക് പ്രവർത്തിച്ചേ മതിയാകൂ" എന്ന് നാം സ്വയം ഉത്തരവാദിത്തമേറ്റെടുത്ത് ആവശ്യമായ കാര്യങ്ങൾ നിവർത്തിച്ചാൽ മാത്രമേ പരിണാമം സാധ്യമാകൂ. ദൈവത്തെ ആശ്രയിക്കുന്നതുപോലും ഉത്തരവാദിത്തം ആരെയെങ്കിലും ഏൽപ്പിക്കുന്നതിനു തുല്യമാണ്.

എന്റെ പരിണാമത്തിനോ എന്നിൽ മാറ്റങ്ങൾ വരുത്തുന്നതിനോ, ഗുരുവിനെയോ അല്ലെങ്കിൽ മറ്റാരെയെങ്കിലുമോ ഞാൻ ഉത്തരവാദിയാക്കുന്നുവെങ്കിൽ അത് അസംഭാവ്യമാകും. അതിന്റെ കാരണം ലളിതമാണ്. ആവശ്യമായതെല്ലാം ദൈവവും ഗുരുവും നടത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി ഒരു ആത്മീയാന്വേഷി എന്ന നിലയിൽ എന്റെ ഹൃദയത്തിൽ ബീജരൂപത്തിൽ നൽകപ്പെട്ടതിനെക്കുറിച്ച് ബോധവാനാകുകയും, അവയെ തിരിച്ചറിഞ്ഞ് വളരാനനുവദിക്കുകയും

ചെയ്യുക എന്നത് എന്റെ കർത്തവ്യമാണ്. നമ്മുടെ കർമ്മങ്ങളിലൂടെ നമ്മുടെ ഭാഗധേയം നമ്മളാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണെങ്കിലും, വിധിയെ ആശ്രയിക്കുന്നത് അതിലേറെ വ്യർത്ഥമായ കാര്യമാണ്.

നമ്മെ സ്വയം പരിവർത്തനം ചെയ്യുവാനുള്ള ഉൽക്കടമായ അഭിവാഞ്ച നമുക്കുണ്ടെങ്കിലും, കർമ്മയോഗത്തെക്കുറിച്ചും ജ്ഞാനയോഗത്തെക്കുറിച്ചും ഭക്തിയോഗത്തെക്കുറിച്ചുംആദ്ധ്യാത്മികത – പ്രത്യേകിച്ച് ഭാരതീയാചാരപ്രകാരമുള്ള രീതികളിൽ – പരാമർശിക്കുന്നതായി നമുക്ക് കാണാനാവും. മേൽപറഞ്ഞവയുടെ മനോഹരമായ ഒരു സംയോജനം ഹാർട്ട്ഫുൾനെസ്സിൽ നമുക്ക് കാണാനാവും. എന്നാലും ഇത്തരമൊരു പാതയിലൂടെയാണ് നാം സഞ്ചരിക്കുന്നതെങ്കിലും, കർമ്മ–ജ്ഞാനയോഗങ്ങൾക്ക് അളവിലേറെ പ്രാധാന്യം നൽകുന്നുവെന്നതിനാൽ, മാർഗമദ്ധ്യേ ഒട്ടനവധി ചതിക്കുഴികൾ നാം കാണുന്നു. അനാവശ്യപ്രാധാന്യം അവയ്ക്ക് നൽകപ്പെടുമ്പോൾ അവ ഈ മാർഗത്തിന്റെ സൂക്ഷ്മതയ്ക്ക് വിരുദ്ധമാകും.

ശരണാഗതിയടഞ്ഞ, അപ്രതിരോദ്ധ്യമായ വിധത്തിൽ ശരണം പ്രാപിച്ച ഒരുവനെ ദൈവം സംരക്ഷിക്കും. നാം കർത്തൃത്വം ഏറ്റെടുക്കുമ്പോഴാണ് പ്രശ്നങ്ങളുയരുന്നത്. ഒരു ഭക്തനും, ഒരു കാലത്തും ആത്മീയപതനമുണ്ടായിട്ടില്ല; ഒരിക്കലും അത് സംഭവിക്കുകയില്ല. അങ്ങിനെ സംഭവിക്കുന്നുവെങ്കിൽ അതിനർത്ഥം അവനിൽ യഥാർത്ഥഭക്തിയുടെ, ശരണാഗതിയുടെ അഭാവമുണ്ടെന്നാണ്.

ബ്രാഹ്മണർ ആദ്ധ്യാത്മിക ഉന്നതിയിൽ നിന്നും താഴേക്കുപതിച്ച് ബ്രഹ്മരക്ഷസ്സുകളാവുന്നതിനെക്കുറിച്ചുംയോഗികൾയോഗഭ്രഷ്ടരാവുന്നതിനെക്കുറിച്ചുമെല്ലാം നിങ്ങൾ കേട്ടിരിക്കാം. പലവിധ കാരണങ്ങളാൽ അവരുടെ ആദ്ധ്യാത്മികയാത്ര അപൂർണ്ണമായിരുന്നു. ജ്ഞാനികൾക്കും കർമ്മികൾക്കും പതനമുണ്ടാവാം; എന്നാൽ ഒരു ഭക്തന്റെ പതനത്തെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? ഒരു ഭക്തൻ ദൈവത്തിന്റെ സംരക്ഷണയിലാണെന്നതിനാൽ, അവനെസ്സംബന്ധിച്ചിടത്തോളം ഭക്തിഭ്രഷ്ടനാവുക എന്നത് സംഭാവ്യമേയല്ല. ശരണാഗതിയടഞ്ഞ, അപ്രതിരോദ്ധ്യമായ വിധത്തിൽ ശരണം പ്രാപിച്ച ഒരുവനെ ദൈവം സംരക്ഷിക്കും. നാം കർത്തൃത്വം ഏറ്റെടുക്കുമ്പോഴാണ്

അദ്ദേഹത്തെ അന്വേഷിച്ച് കണ്ടെത്തേണ്ട നിലയിൽ നാമിപ്പോൾ എത്തിപ്പെട്ടുവാൻ, തുടക്കത്തിൽ നാമെങ്ങിനെയാണ് അദ്ദേഹത്തിൽ നിന്നും വേർപെട്ടത്? നഷ്ടമായ ആ ബന്ധം വീണ്ടും സ്ഥാപിക്കുവാൻ, ആ വേർപിരിയലിന് കാരണമായ വസ്തുതകളെ കണ്ടെത്തി അവയെ നാം നിർമ്മാർജ്ജനം ചെയ്യേണ്ടതായുണ്ട്. യഥാർത്ഥമായ യാത്രയുടെ തുടക്കമിതാണ്.

പ്രശ്നങ്ങളുയരുന്നത്. ഒരു ഭക്തനും, ഒരു കാലത്തും ആത്മീയപതനമുണ്ടായിട്ടില്ല; ഒരിക്കലും അത് സംഭവിക്കുകയില്ല. അങ്ങിനെ സംഭവിക്കുന്നുവെങ്കിൽ അതിനർത്ഥം അവനിൽ യഥാർത്ഥഭക്തിയുടെ, ശരണാഗതിയുടെ അഭാവമുണ്ടെന്നാണ്.

ആദ്യമായി ഞാൻ സഹജമാർഗപരിശീലനത്തിന് തുടക്കം കുറിച്ചപ്പോൾ, എന്റെ പ്രിസപ്റ്റർ സിസ്റ്റർ ദ്രൗപതി എന്നോട് അടിസ്ഥാനപരമായ ഒരു ചോദ്യം ഉന്നയിച്ചു: "എന്തിനാണ് നിങ്ങൾ ധ്യാനിക്കുവാൻ ആഗ്രഹിക്കുന്നത്?" "ഞാൻ ദൈവത്തെ തിരയുകയാണ്" എന്നായിരുന്നു എന്റെ മറുപടി.

ഇന്ന്, എന്റെ വ്യക്തിഗതമായ വിശ്വാസങ്ങളെ വിശകലനം ചെയ്യുമ്പോൾ, കാര്യങ്ങളെ വ്യത്യസ്തമായ രീതിയിലാണ് ഞാൻ മനസ്സിലാക്കുന്നതെന്നറിയുന്നു, ആ സമയത്തുണ്ടായിരുന്ന എന്റെ ചിന്താഗതികൾ എത്രത്തോളം അബദ്ധമായിരുന്നുവെന്നും ഞാനറിയുന്നു. നമ്മളേവരും ദൈവത്തെ തേടുന്നുവെന്ന് പറഞ്ഞു കേൾക്കുന്നത് ഒരുതമാശയായാണ് എനിക്ക് തോന്നുന്നത്. അണുപ്രായമായ വസ്തുക്കൾ ദൃഷ്ടിഗോചരമായേക്കില്ല, എന്നാൽ എല്ലാത്തിലും വ്യാപരിക്കുന്ന, എല്ലാത്തിനെയും വലയം ചെയ്യുന്ന ഒന്നിന്റെ സാന്നിദ്ധ്യം നമുക്കെങ്ങിനെ അറിയാനാവാതെ വരും? തന്റെ ജീവിതം മുഴുവൻ ചിലവിടുന്ന സമുദ്രത്തെക്കുറിച്ച് ഒരു മത്സ്യത്തിന് ധാരണയില്ല എന്നതുപോലെ, ആ സാന്നിദ്ധ്യം എല്ലായിടത്തുമുണ്ടെങ്കിലും നാമതറിയുന്നില്ല. നാം ദൈവത്തെ കണ്ടിട്ടില്ല എന്നതിനാലും, നിലനിൽപ്പിന്റെ അങ്ങേയറ്റം നമുക്ക് സങ്കൽപിക്കാനാവില്ല എന്നതിനാലും ഇതരമാർഗമായി, ദൈവത്തെ അപരിമിതമാനത്തിൽ വിഭാവനം ചെയ്ത് നാംഅമ്പരപ്പിലാവുന്നു. അതിസൂക്ഷ്മതലങ്ങളിൽ ദിവ്യത്വം കൂടുതൽ അദൃശ്യത കൈവരിക്കുന്നു.

അദ്ദേഹത്തെ തിരയുവാൻ ഞാൻ ശ്രമിച്ചാലും അനന്തതയെ എന്റെ പരിമിതമായ അവബോധത്താലെങ്ങിനെ അറിയാനാകും; അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ചുരുങ്ങിയ രീതിയിലുള്ള ശ്രമമെങ്കിലുമില്ലെങ്കിൽ. അനന്തത നമ്മുടെ ധാരണക്കപ്പുറമാണ് – അത് ഏറ്റവും ചെറുതായതിനേക്കാൾ ചെറുതും, വലിയതിനേക്കാൾ വലുതുമാണെന്ന് എങ്ങിനെയറിയാനാകും? സ്ഥൂലതയ്ക്ക് സൂക്ഷ്മമായതിനെ അറിയാനാവില്ലെന്ന മറ്റൊരു ദുർഘടം കൂടിയുയരുന്നു.
ഭയഭക്തിയോടെയുള്ള ശരണാഗതഭാവം മാത്രമാണ് ഏകമാർഗമെന്നതാണ് ഉരുത്തിരിയുന്നത്:

> वो दिल कहाँ से लाऊँ जो तुझे पहचाने!
>
> അങ്ങയെ തിരിച്ചറിയുന്ന ഒരു ഹൃദയം എങ്ങിനെ തയ്യാറാക്കാം?

ഇതിനെല്ലാമപ്പുറം അടിസ്ഥാനപരമായ ഒരു സമസ്യയ്ക്ക് നമുക്ക് ഉത്തരം കണ്ടെത്തേണ്ടതുണ്ട്. അദ്ദേഹത്തെ അന്വേഷിച്ച് കണ്ടെത്തേണ്ട നിലയിൽ നാമിപ്പോൾ എത്തിപ്പെടുവാൻ, തുടക്കത്തിൽ നാമെങ്ങിനെയാണ് അദ്ദേഹത്തിൽ നിന്നും വേർപെട്ടത്? നഷ്ടമായ ആ ബന്ധം വീണ്ടും സ്ഥാപിക്കുവാൻ, ആ വേർപിരിയലിന് കാരണമായ വസ്തുതകളെ കണ്ടെത്തി അവയെ നാം നിർമ്മാർജ്ജനം ചെയ്യേണ്ടതായുണ്ട്. യഥാർത്ഥമായ യാത്രയുടെ തുടക്കമിതാണ്.

തുള്ളിക്കളിക്കുന്ന അലകളെ നോക്കി ആസ്വദിച്ചിരിക്കുകയാണ് നിങ്ങളെന്ന് സങ്കൽപ്പിക്കുക. ഉപരിതലത്തിലുള്ള അലകൾ മാത്രമേ കാണാനാവുന്നുള്ളു എന്നതിനാൽ കടലിന്റെ ആഴപ്പരപ്പ് നമുക്ക് കാണാനാവുന്നില്ല. “കടൽ എവിടെ?” എന്ന് അലകളും ചോദിക്കുന്നു. അവയുടെ അന്വേഷണം, അവയെ

> മരണത്തിന്റെ ആരോപിത പ്രകൃതം നമുക്ക് അനുകരിക്കാനും സ്വായത്തമാക്കാനുമാവുമെങ്കിൽ, മൃതജീവനം – മരിച്ചതിനുതുല്യമായ ജീവിതം നയിക്കാനാവുമെങ്കിൽ, നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കുവാനുള്ള സന്നദ്ധത സ്വാഭാവികമായി ഉയർന്നുവരും. ആദിമമായ സമുദ്രവുമായി ഒന്നാകുന്ന ധന്യമായ മുഹൂർത്തത്തിന് തുടക്കമാവും, സമാധിയുടെ ആദിമനിലയോട് സാമ്യമുള്ള ഒരു നിലയുയരും.

അശാന്തമാക്കുന്നുണ്ട്. അലകൾ മന്ദഗതിയിലാവുകയും നിലയ്ക്കുകയും ചെയ്യുന്ന വേളയിൽ ഉപരിതലത്തിലുള്ള അലകൾ കടലുമായി ഒന്നാകും, അവിടെ സ്പഷ്ടതയുണ്ടാവും.

കടലാണ് തങ്ങളുടെ ഉത്ഭവസ്ഥാനമെന്നത് അലകൾ മറക്കുന്നു – അവിടെനിന്നും ഉത്ഭവിച്ച് അതിൽത്തന്നെ ലയിക്കുന്നുവെന്നത് അവ തിരിച്ചറിയുന്നില്ല. അലകളും കടലും ഒന്നാകുന്നതിനുള്ള ഏകമാർഗം മന്ദഗതിയടയുകയും, നിലയ്ക്കുകയും, നിശ്ചലമാകുകയുമാണ്. ആത്യന്തികമായ നിലയ്ക്കൽ മരണമാണ്. അതുകൊണ്ട്, മരണത്തിന്റെ ആരോപിത പ്രകൃതം നമുക്ക് അനുകരിക്കാനും സ്വായത്തമാക്കാനുമാവുമെങ്കിൽ, മൃതജീവനം – മരിച്ചതിനുതുല്യമായ ജീവിതം നയിക്കാനാവുമെങ്കിൽ, നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കുവാനുള്ള സന്നദ്ധത സ്വാഭാവികമായി ഉയർന്നുവരും. ആദിമമായ സമുദ്രവുമായി ഒന്നാകുന്ന ധന്യമായ മുഹൂർത്തത്തിന് തുടക്കമാവും,

ഭക്തി, പ്രിയനോടുള്ള ഉൽക്കടമായ സ്നേഹം, വികാരത്തിരമാലകളുടെയും ആവുന്നതിന്റെയും ആയിത്തീരുന്നതിന്റെയും മറ്റുമുള്ള ഉയർച്ച താഴ്ചകൾ ഇല്ലാതാക്കി, ദിവ്യത്വത്തിന്റെ ഏകരൂപമായ ഏകാത്മകതയിലേക്ക് നയിക്കുന്നു. ഒരു വശത്ത്, പ്രിയനെക്കുറിച്ചുള്ള അവബോധത്തിൽ നിന്ന് അകന്നുപോകുന്നത് വേദനയും ദുരിതവും കൊണ്ടുവരുന്നു.

സമാധിയുടെ ആദിമനിലയോട് സാമ്യമുള്ള ഒരു നിലയുയരും. ഭൗതികമായ മരണം പ്രശ്നങ്ങൾക്ക് പരിഹാരമാവുന്നില്ല. വാസ്തവത്തിൽ, പ്രശ്നങ്ങൾ നമ്മുടെ സൂക്ഷ്മശരീരങ്ങളിൽ മറയ്ക്കപ്പെട്ട നിലയിലായിരിക്കും, ജനനമരണ ആവൃത്തി അനന്തമായി തുടരും.

നിലയ്ക്കുവാനുള്ള കഴിവ്, പ്രിയപ്പെട്ടവനോടുള്ള സ്നേഹത്തിൽ സ്വയം ഇല്ലാതാവാൻ അനുവദിക്കൽ – അതാണ് ഭക്തി. നാം സ്വയം മറികടക്കുന്ന വേളയിലാണ് നമുക്കുത്തരം കണ്ടെത്താനാവുക.

जब मैं था तब हरि नहीं, अब हरि है मैं नाही।
सब अँधियारा मिट गया, दीपक देखा माही।।

‘ഞാൻ’ ഉണ്ടായിരുന്നപ്പോൾ ഹരിയുണ്ടായിരുന്നില്ല; ഇപ്പോൾ ഹരി ‘ഉണ്ട്’’, ‘ഞാൻ’ ഇല്ല. പ്രകാശം ഞാൻ കണ്ടപ്പോൾ ഇരുളെല്ലാം (മായ) അകന്നുപോയി.



സ്വാതന്ത്ര്യത്തിലേക്കുള്ള മാർച്ച്

‘ഞാൻ’ എന്ന മായയാണ് ദൈവത്തെ നമ്മുടെ ദൃഷ്ടിയിൽനിന്നും അകറ്റിനിർത്തുന്ന അന്ധകാരം. അദ്ദേഹം ഹൃദയത്തിൽ സന്നിഹിതനെങ്കിൽ, അവിടെ പ്രകാശം മാത്രമേയുണ്ടാവൂ, നമ്മുടെ സാന്നിധ്യമുളവാക്കുന്ന ഇരുൾ അവിടെയുണ്ടാവില്ല.

അവബോധത്തിന്റെ അന്തിമ അതിർത്തി പൂർണ്ണമായ ദിവ്യവൽക്കരണമാണ്. ബോധത്തിന്റെ അഖണ്ഡതയിൽ തന്നെ കണ്ടെത്തേണ്ട ഒന്നാണ് അവബോധത്തിന്റെ ഉന്നതാവസ്ഥയും ആഴവും. ഇത്രയും നാം മനസ്സിലാക്കിയാൽ പ്രിയ ബാബുജിയുടെ മർമ്മത്തിൽതട്ടുന്ന ചോദ്യത്തിനുള്ള ഉത്തരം നമുക്ക് ലഭിക്കും. “ബോധത്തെ പിന്താങ്ങുന്നതെന്താണ്?” സ്നേഹവും ശ്രേഷ്ഠതയും നാം നിരാകരിക്കുമ്പോൾ മാത്രമാണ് നമ്മുടെ തന്നെ നിലനിൽപ്പിന്റെ ഉയർച്ചയുടെയും ആഴത്തിന്റെയും ദർശനം നമുക്ക് നഷ്ടമാവുന്നത്; അവബോധത്തിന്റെ നേരിയ കെട്ടുമാത്രം അവശേഷിപ്പിച്ചുകൊണ്ട്.

ആന്തരീക ദിശാസൂചിക നഷ്ടമായ ഒരുവനെക്കാൾ അല്ലെങ്കിൽ ദിവ്യത്വത്തിന് നേരെ എതിരായ ദിശയിൽ ആന്തരീകസൂചിക തിരിച്ചുവെച്ച ഒരുവനെക്കാൾ അഗതിയായ മറ്റൊരുവനില്ല. (കൂടുതൽ ഹീനനും ഏകാകിയും നിസ്സാരനുമായ ഒരുവൻ). ഭക്തി, പ്രിയനോടുള്ള ഉൽക്കടമായ സ്നേഹം, വികാരത്തിരമാലകളുടെയും ആവുന്നതിന്റെയും ആയിത്തീരുന്നതിന്റെയും

മിഥ്യാബോധം, അജ്ഞത, തമസ്സ്, അവബോധമില്ലാത്ത അവസ്ഥ തുടങ്ങിയവയുടെ നിഴലിൽ ജീവിക്കുന്നത് നരകതുല്യമായ ഒന്നായിരിക്കും. അതേസമയം, വ്യക്തതയോടും, നിഷ്കളങ്കമായും, ഉത്സാഹഭരിതമായതുമായ ഒരു ജീവിതം സ്വർഗ്ഗതുല്യമായിരിക്കും. ഭക്തിയുടെ ചാരുതയും, അതിന്റെ അടയാളമായി ഉത്തേജിപ്പിക്കപ്പെടുന്നതും അതുതന്നെ.

മറ്റുമുള്ള ഉയർച്ച താഴ്ചകൾ ഇല്ലാതാക്കി, ദിവ്യത്വത്തിന്റെ ഏകരൂപമായ ഏകാത്മകതയിലേക്ക് നയിക്കുന്നു. ഒരു വശത്ത്, പ്രിയനെക്കുറിച്ചുള്ള അവബോധത്തിൽ നിന്ന് അകന്നുപോകുന്നത് വേദനയും ദുരിതവും കൊണ്ടുവരുന്നു.

ആരാധ്യമായതിൽനിന്നുമുള്ള അകൽച്ചയാണ് 'അപരാധം' എന്ന് ജൂതന്മാർ പരമ്പരാഗതമായി വിശ്വസിക്കുന്നു. കൃതഘ്നതയാണ് അപരാധമെന്ന് ബാബുജി പറയുന്നു. നാം ഉപകാരസ്മരണയില്ലാത്തവരാകുമ്പോഴാണ് യഥാർത്ഥബന്ധത്തിൽ നിന്നുള്ള വ്യതിചലനത്തിന്റെ മുളകൾ നാമ്പെടുക്കുന്നത്. വഴി മാറുന്നതിന്റെ ആരംഭം കൃതഘ്നതയിൽ നിന്നും തുടങ്ങുന്നു. അതുകൊണ്ടുതന്നെ അത് അപരാധമാണ്. സ്നേഹമവിടെയില്ല തന്നെ, അതുകൊണ്ടുതന്നെ ബന്ധം അവിടെയവസാനിക്കുന്നു.

ഭക്തിയെന്നത് അവബോധത്താൽ പ്രകാശിതമായ ഒരു ജീവിതം നയിക്കുക എന്നതുകൂടിയാണ്; ജീവിതത്തിലെ എല്ലാവിധ വൈരുദ്ധ്യങ്ങളും സ്വീകാര്യതയോടെ അനുഭവിക്കുന്നത് പൂർണ്ണമായും മനസ്സിലാക്കിയുള്ള ഒരു ജീവിതം. ധ്യാനമെന്നത് വെറുമൊരു മാനസിക പ്രവൃത്തിയല്ല, അത് മനസ്സും ശരീരവും അതിലംഘിക്കുന്ന ഒന്നാണ്. പലതരത്തിൽ ശ്രദ്ധ വ്യതിചലിപ്പിക്കുന്നത് ധ്യാനത്തെ ബാധിക്കുന്നുവെന്ന് പലരും പരാതിപ്പെടാറുണ്ട്. എന്നാൽ ഭക്തിപൂർവ്വം നടത്തുന്ന ധ്യാനത്തിലൂടെ അദൃശ്യമായതിനെ കൂടുതൽ സൂക്ഷ്മമായി ഗ്രഹിക്കുവാൻ ഒരുവന് സാദ്ധ്യമാകും. ഏതെങ്കിലും തരത്തിലുള്ള ധാരണയാലും, ആവേശത്താലുമുള്ള സ്വാധീനത്തിൽനിന്നും മനസ്സ് വിമുക്തമാണെന്നതാണതിനു കാരണം.

ബന്ധമവസാനിപ്പിച്ച് നിങ്ങളെവിടെപ്പോകും? "പ്രിയപ്പെട്ട തിരമാല, ഈ സമുദ്രം ഉപേക്ഷിച്ച് നീയെവിടെ പോകും?" എന്ന് ചോദിക്കുന്നതായി സങ്കൽപ്പിച്ചുനോക്കൂ!

ഈ ദിശാകോണിൽ നിന്നുകൊണ്ട് നോക്കിയാൽ, ഭൗതികനേട്ടങ്ങൾ, ശരീരം, മനസ്സ്, ബുദ്ധി, അഹന്ത തുടങ്ങിയവയുമായി നമ്മുടെ അവബോധത്തെ താദാത്മ്യം ചെയ്യുന്ന രീതിയിലുള്ള വ്യതിചലനം, കേന്ദ്രത്തിൽനിന്ന്, ജീവന്റെ സ്രോതസ്സിൽനിന്ന്, ആത്മാവിൽനിന്ന് വഴി

തിരിഞ്ഞു പോകലാകും. മായയും അഹന്തയുമായി താദാത്മ്യം നടത്തുന്നതിനെ ബാബുജി മനോഹരമായി 23 വലയങ്ങളിലൂടെയുള്ള രേഖാചിത്രങ്ങളിലൂടെ, സാംഖ്യാരീതിയിൽ അവതരിപ്പിക്കുന്നത് നമുക്ക് കാണാനാവും. ഈ രേഖാചിത്രത്തിൽ മായയുടെ വലയങ്ങൾ അഞ്ചെണ്ണം മാത്രമാണ്. അഹന്തയുടേത് പതിനൊന്നു വലങ്ങളും. അതിനർത്ഥം, കേന്ദ്രത്തിൽനിന്നും നമ്മെയകറ്റി വൃത്തപരിധിയിലേക്ക് നീക്കുന്നത് അഹന്തമാത്രമാണെന്നാണ്. മായയെക്കാൾ ശക്തമായ തടസ്സം സൃഷ്ടിക്കുന്നത് അഹങ്കാരമാണ്. ഇതൊരുതരം മിഥ്യാബോധമാണ്.

പതഞ്ജലി മഹർഷി ഇതിനെ ഭ്രാന്തിദർശനം അഥവാ മിഥ്യാധാരണ എന്നുവിളിക്കുന്നു. ഭൗതിക വസ്തുക്കൾ കരസ്ഥമാക്കുന്നതിന് ഞാനെതിരല്ല, എന്നാൽ ഭൗതികസമ്പത്തുമായും നേട്ടങ്ങളുമായും നമ്മെ അടയാളപ്പെടുത്തുന്നത് ആന്തരീക ദാരിദ്ര്യത്തിന്റെ പ്രതിഫലനമാണ്. അത്തരം നേട്ടങ്ങൾ, മായ അല്ലെങ്കിൽ അരക്ഷിതാവസ്ഥ എന്നർത്ഥം വരുന്ന ഭ്രാന്തി എന്ന നില സൃഷ്ടിക്കുക മാത്രമേയുള്ളൂ. ഈ അടയാളപ്പെടുത്തലിനാൽ സൃഷ്ടിക്കപ്പെടുന്ന മതിഭ്രമത്താൽ ജീവിതം മുന്നോട്ടുപോകുന്നു. നമ്മിൽ മികച്ചവർക്കുപോലും ഈ യാഥാർത്ഥ്യം തിരിച്ചറിയാനാവുന്നില്ല.

മിഥ്യാബോധം, അജ്ഞത, തമസ്സ്, അവബോധമില്ലാത്ത അവസ്ഥ തുടങ്ങിയവയുടെ നിഴലിൽ ജീവിക്കുന്നത് നരകതുല്യമായ ഒന്നായിരിക്കും. അതേസമയം, വ്യക്തതയോടും, നിഷ്കളങ്കമായും, ഉത്സാഹഭരിതമായതുമായ ഒരു ജീവിതം സ്വർഗ്ഗതുല്യമായിരിക്കും. ഭക്തിയുടെ ചാരുതയും, അതിന്റെ അടയാളമായി ഉത്തേജിപ്പിക്കപ്പെടുന്നതും അതുതന്നെ. അന്ധകാരമയമായ ഒരു ജീവിതശൈലി നമുക്ക് തികച്ചും മടുപ്പുളവാക്കുന്ന വേളയിൽ "ആന്തരീകത പ്രദാനം ചെയ്യുന്ന ഒരു ജീവിതരീതി ഇനി ഞാൻ പിന്തുടരും" എന്നനിരാശയിൽനിന്നുളവാകുന്ന തീരുമാനം നാം എടുക്കും.

നിറഞ്ഞ ഭക്തിയുള്ള, തന്റെ ദൈവത്തിൽ ഉത്തമ
വിശ്വാസമുള്ള ഒരുവൻ ആ ദൈവത്തിൽ
വിശ്വാസമർപ്പിക്കുന്നു. ആ അർപ്പണം മഹത്തരവും
ഉൽകൃഷ്ടവുമായിരിക്കും. ഭക്തന്റെ വിശ്വാസം ഒരിക്കലും
കുറയുകയില്ല; അത് എപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കു
കയേയുള്ളൂ.

സമുദ്രത്തിന്റെ ഉപരിതലത്തിലെ അലകളൊടുങ്ങുന്നതിന്റെ തുടക്കമാകുമത്. ദൈനംദിന ജീവിതത്തിലെ എല്ലാവിധ ആവശ്യകതകളും നിറവേറ്റുന്നതിലുണ്ടാവുന്ന സംഘർഷങ്ങൾ ഒരു തരത്തിൽ തപസ്യയായി മാറാം. അപ്രകാരം തപസ്യയായി മാറുമെങ്കിൽ വെറും കർത്തവ്യനിർവ്വഹണമെന്ന് തലത്തിൽനിന്നും, പ്രിയനോടുള്ള സ്നേഹത്തോടെ ആ കർത്തവ്യങ്ങൾ നിറവേറ്റുന്നതിലേക്ക് മാറും. അതേ രീതി കറകളഞ്ഞ ഭക്തി എന്ന നിലയിലേക്ക് പാകപ്പെടുകയുമാകാം.

ഭക്തിയെന്നത് അവബോധത്താൽ പ്രകാശിതമായ ഒരു ജീവിതം നയിക്കുക എന്നതുകൂടിയാണ്; ജീവിതത്തിലെ എല്ലാവിധ വൈരുദ്ധ്യങ്ങളും സ്വീകാര്യതയോടെ അനുഭവിക്കുന്നത് പൂർണ്ണമായും മനസ്സിലാക്കിയുള്ള ഒരു ജീവിതം. ധ്യാനമെന്നത് വെറുമൊരു മാനസിക പ്രവൃത്തിയല്ല, അത് മനസ്സും ശരീരവും അതിലംഘിക്കുന്ന ഒന്നാണ്. പലതരത്തിൽ ശ്രദ്ധ വ്യതിചലിപ്പിക്കുന്നത് ധ്യാനത്തെ ബാധിക്കുന്നുവെന്ന് പലരും

ഭക്ത്യാദരപൂർവ്വം സമർപ്പിതമായ ശരണാഗതമായ ഹൃദയങ്ങളെ സജ്ജമാക്കാനാണ് നമ്മുടെ എല്ലാ പരിശീലനങ്ങളും. ശൂന്യമായ ഹൃദയത്തിന്റെ ഈ തയ്യാറെടുപ്പാണ് ആത്യന്തികതയെ ആകർഷിക്കുന്നത്. ആത്യന്തികമായ അവസ്ഥ അഥവാ പരകോടിയടയൽ, ദിവ്യമായ ഭൂതദയയാലും അലിവുകൊണ്ടുമാണ്; മറിച്ച് നാം തയ്യാറാണെന്നതുകൊണ്ടല്ല.

പരാതിപ്പെടാറുണ്ട്.എന്നാൽ ഭക്തിപൂർവ്വം നടത്തുന്ന ധ്യാനത്തിലൂടെ അദൃശ്യമായതിനെ കൂടുതൽ സൂക്ഷ്മമായി ഗ്രഹിക്കുവാൻ ഒരുവന് സാദ്ധ്യമാകും. ഏതെങ്കിലും തരത്തിലുള്ള ധാരണയാലും, ആവേശത്താലുമുള്ള സ്വാധീനത്തിൽനിന്നും മനസ്സ് വിമുക്തമാണെന്നതാണതിനു കാരണം. പലതരത്തിലുള്ള മാനസിക വ്യതിയാനങ്ങളുടെ അന്തിമഫലമാണ് ശ്രദ്ധയുടെ വ്യതിചലനം. ഈ മാനസിക വ്യതിചലനങ്ങൾ, നാം സംസ്കാരങ്ങൾ എന്ന് വിളിക്കുന്ന നമ്മുടെ തന്നെ അവസ്ഥകളാലാണ് സംഭവിക്കുന്നത്.

സംസ്കാരങ്ങളെ സാവകാശം ഒഴിവാക്കുന്നതോടൊപ്പം മനസ്സിനെ മെരുക്കുന്നത് ഒട്ടുമിക്ക കാര്യങ്ങളിലും സാവധാനം നടക്കുന്ന ഒരു പ്രക്രിയയാണ്. സംസ്കാരങ്ങൾ ഒഴിവായി ആന്തരീകവിസ്തൃതിയ്ക്ക് അവസരമൊരുക്കുന്നതിന് സാവകാശമെടുക്കുമ്പോൾ, ആന്തരീക അന്തരീക്ഷവുമായി ഇണങ്ങിച്ചേരുന്നതിന് ധാരാളം സമയമെടുക്കും. വേദനകളോടുള്ള സഹനശക്തിയ്ക്ക് മാത്രമല്ല, സന്തോഷം നിലനിർത്തുന്നതിലും നമുക്ക് പരിമിതികളുണ്ടെന്ന് അപ്പോഴാണ് നാം മനസ്സിലാക്കുന്നത്.

നമ്മുടെ പരിശീലനത്തോടും പരിശീലനരീതികൾ പ്രദാനം ചെയ്ത വ്യക്തിയോടുമുള്ള സന്തോഷപ്രദമോ, സങ്കടകരമോ ആയ അവസ്ഥകളിലെത്തിച്ചേരുന്നത്, ജന്മസിദ്ധമായി സങ്കീർണ്ണതകളുമായി കെട്ടുപിണഞ്ഞുകിടക്കുന്ന ഒന്നാണ്. നമ്മുടെ ആഗ്രഹങ്ങൾക്കനുസരിച്ച് കാര്യങ്ങൾ നടക്കുകയാണെങ്കിൽ നമ്മിൽ അത്യന്തം വിശ്വാസം വളരും. ആഗ്രഹങ്ങൾ സാധിതമാകാത്തനിമിഷത്തിൽ നാം സ്ഥാപനത്തെയും പരിശീലനരീതിയെയും ഗുരുവിനെയും അവിശ്വസിക്കുവാൻ തുടങ്ങും. ദിനംപ്രതി ഞാനിത് കാണുന്നു. ഉദാഹരണത്തിന് ഒരു അഭ്യാസി ഇപ്രകാരം എഴുതി, “ദാജി, എന്റെ അവസ്ഥ അത്രയധികം മെച്ചപ്പെട്ട നിലയിലാണ്. അങ്ങയുടെ അനുഗ്രഹത്താൽ എന്റെ മകളുടെ വിവാഹം നടന്നു, ഞാനിപ്പോൾ സ്വതന്ത്രനാണ്. ആകുലതകളേതുമില്ലാത്ത ഞാൻ ജീവിതകാലം മുഴുവൻ അങ്ങയെ സേവിക്കുവാൻ ആഗ്രഹിക്കുന്നു.” കുറച്ച് ആഴ്ചകൾക്കുശേഷം അയാൾ പരാതിയുമായെത്തി, ഞാൻ പക്ഷപാതപരമായി പെരുമാറുന്നു എന്നുപോലും കുറ്റപ്പെടുത്തി! ഇതിനുപിന്നിലുള്ള കാരണം ഞാൻ ആരാഞ്ഞപ്പോൾ അയാൾ പരുഷമായി പറഞ്ഞു, “എന്റെ ഭാര്യയ്ക്ക് അസുഖമായപ്പോൾ അങ്ങ് സഹായിച്ചില്ല. ഇപ്പോൾ അവർ ജീവിച്ചിരിപ്പില്ല. ഹൃദയപൂർവ്വം ഞാൻ അങ്ങയോട് പ്രാർത്ഥിച്ചെങ്കിലും, എന്താണ് സംഭവിച്ചതെന്ന് നോക്കൂ. ഇപ്പോഴെനിക്ക് വിശ്വാസം നഷ്ടമായിരിക്കുന്നു, എനിക്ക് ധ്യാനിക്കാനാവുന്നില്ല. ബാബുജി ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം തീർച്ചയായും എന്റെ ഭാര്യയെ സുഖപ്പെടുത്തിയേനെ.”

ഇത്തരം സംഭവങ്ങൾക്ക് നിത്യവും സാക്ഷ്യം വഹിക്കേണ്ടിവരുമ്പോൾ, നമുക്ക് നാരദഭക്തിസൂത്രത്തിലെ 54 – മത്തെ ശ്ലോകത്തിലെ വിവേകം ശരിക്കും മനസ്സിലാകും.

गुण-रहितं कामना-रहितं प्रतिक्षण-वर्धमानं,
अविच्छिन्नं सूक्ष्मतरं अनुभव-रूपम्।
(नारदभक्तिसूत्राणि५४)

ഭൗതികത തീണ്ടാത്തതും, ഇന്ദ്രിയസുഖം നൽകാത്തതും
സൂക്ഷ്മവും അനുഭവവേദ്യവുമായ ഭക്തി വർദ്ധിച്ചുകൊണ്ടേയിരിക്കും.

ലാഭക്കുറവിലും അമിതലാഭത്തിലും യഥാർത്ഥഭക്തി അചഞ്ചലമായിരിക്കും. എല്ലാ സാഹചര്യത്തിലും അത് വർദ്ധിച്ചുകൊണ്ടേയിരിക്കും. നിങ്ങളുടെ ജീവിതപങ്കാളിയുടെയോ, കുഞ്ഞുങ്ങളുടെയോ കൂടെയുള്ള സഹവാസം ഇതിന് തടസ്സമാവില്ല. വിഷമഘട്ടങ്ങൾ ആ ഭക്തൻ പ്രീതിയോടെയും കൃതജ്ഞതയോടെയും സ്വീകരിക്കുന്നു. ഭക്തി വ്യവസ്ഥയോടെയുള്ളതാവരുത്. അത് മനസ്സിനും ഹൃദയത്തിനും യുക്തിക്കും അനുഭൂതിക്കും അപ്പുറമാണ്. ജീവിതത്തെ സമ്പുഷ്ടമാക്കി യഥാർത്ഥബോധത്തിൽ എത്തിച്ചേരുന്നതിനുള്ള ഒരേ ഒരു ഘടകം ഭക്തി മാത്രമാണ്.

സ്നേഹമെന്നത് ഒരു ഭക്തന്റെ സവിശേഷാവകാശമാണ്. സ്നേഹം എന്നാൽ നൽകുക എന്നർത്ഥം. അനുകമ്പയും (Compassion) നൽകുന്നതിനെസംബന്ധിക്കുന്നതാണ്. നേരെമറിച്ച്, അഭിനിവേശത്തിൽ (Passion) നമ്മൾ മറ്റുള്ളവരെ ചൂഷണം ചെയ്യുകയാണ് ചെയ്യുന്നത്. അവരിൽ നിന്നും തട്ടിയെടുക്കുന്നു. എങ്ങിനെയാണ് കാത്തിരിക്കേണ്ടതെന്ന് അനുകമ്പ നിറഞ്ഞ ഹൃദയത്തിനറിയാം. എന്നാൽ ആവേശമുള്ള ഒരു വ്യക്തിക്ക് ഈ കാത്തിരിപ്പ് സാധ്യമല്ല. കലിയുഗമായാലും സത്യയുഗമായാലും അമിതാവേശമുള്ള വ്യക്തിക്ക് തന്നെത്തന്നെ വിശ്വസിക്കാൻ പറ്റില്ല എന്നത് ശാശ്വതസത്യമാണ് എന്ന നിഗമനത്തിൽനമുക്ക്എത്തിച്ചേരാൻസാധിക്കും. ഉള്ളിൽസ്നേഹംവർദ്ധിച്ചുവരുന്ന വ്യക്തിക്കും ചിലപ്പോൾ അവനവനെയും ചിലപ്പോൾ മറ്റുള്ളവരെയും വിശ്വസിക്കുന്നതിൽ സംശയമുണ്ടായേക്കാം. (ചിലപ്പോൾ നമ്മളെയും, ചിലപ്പോൾ മറ്റുള്ളവരെയും വിശ്വസിക്കാൻ സാധിക്കുകയില്ല എന്നും ഇതിനെ അർത്ഥമാക്കാം.) നിറഞ്ഞ ഭക്തിയുള്ള, തന്റെ ദൈവത്തിൽ ഉത്തമ വിശ്വാസമുള്ള ഒരുവൻ ആ ദൈവത്തിൽ വിശ്വാസമർപ്പിക്കുന്നു. ആ അർപ്പണം മഹത്തരവും ഉൽകൃഷ്ടവുമായിരിക്കും. ഭക്തന്റെ വിശ്വാസം ഒരിക്കലും കുറയുകയില്ല; അത് എപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കുകയേയുള്ളു.

1981ൽ അഹമ്മദാബാദിൽ വെച്ച് ബാബുജി ഒരു സന്ദേശം നൽകുകയുണ്ടായി. ശ്രീ ഖുസൽഭായ് പട്ടേലുമൊത്ത്

ദക്ഷിണാഫ്രിക്കയിലേക്കുള്ള യാത്രാമദ്ധ്യേ അദ്ദേഹം ഞങ്ങളുടെ കൂടെ രണ്ടു രാത്രി താമസിച്ചു. ആ ലളിതമായ സന്ദേശം ഇപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുകയാണ്:

> राहें तलब में ऐसे बेख़बर हो गए,
> मंज़िल पे आके मंज़िल को ढूंढते हैं।
>
> തങ്ങളുടെ അന്വേഷണത്തിൽ അവരിപ്പോഴും അമ്പരന്നിരിക്കയാണ്.
> ലക്ഷ്യസ്ഥാനത്തെത്തിയിട്ടും അവർ അത് തിരഞ്ഞുകൊണ്ടിരിക്കയാണ്.

ഈ വാക്കുകൾ കേട്ട് ഞാൻ സന്തോഷത്താൽ മതിമറന്നു. നമ്മൾ ലക്ഷ്യത്തിലെത്തിച്ചേർന്നുവെന്ന് ഉറപ്പുതരുന്നതായിരുന്നു അത്! ഒരു ഭക്തന് മാർഗം തന്നെ ലക്ഷ്യമായിത്തീരും; അത് അദ്ദേഹത്തിന്റെ കൃപയും കാരുണ്യവുമാണെന്നത് തീർച്ചയാണ്. അല്ലെങ്കിൽ നമ്മുടെ ഭാഗത്തുനിന്നും, നമ്മൾ ഒന്നും തന്നെ ചെയ്തിട്ടില്ല.

അപ്പോൾ ഗുരുവും ദൈവവുമെന്താണ്? ദൈവം എന്തെങ്കിലും ആവശ്യപ്പെടുകയാണെങ്കിൽ ദൈവവും ഒരു ഭിക്ഷക്കാരൻ തന്നെയാണ്. നമ്മൾ അദ്ദേഹത്തെ നമ്മുടെ തലത്തിലേക്ക് കൊണ്ടുവരാൻ പാടില്ല. ദ്വന്ദങ്ങൾക്കപ്പുറം പോയ, മൃതാവസ്ഥയും കടന്ന് ഉണ്മയിൽ ലയിച്ച ഒരു ഗുരു തന്റെ ശിഷ്യന്മാരോട് തന്നെ ആരാധിക്കണമെന്ന് പറയുമോ? ആത്മപ്രാധാന്യമോ, പേരോ പ്രശസ്തിയോ അദ്ദേഹം കാംക്ഷിക്കുകയില്ല. ഗുരുവിന്റെ അത്തരം ഗുണങ്ങളെക്കുറിച്ച് ബോധവാന്മാരായാൽ നമ്മൾ ചതിക്കുഴിയിൽ പെടില്ല. ഭക്തരെന്ന നിലയിൽ നമ്മുടെ ശ്രദ്ധയ്ക്കും ആരാധനയ്ക്കും, സ്നേഹത്തിനും പാത്രമായ യോഗ്യനായ ഒരു വ്യക്തിയുമായി അനുരണനത്തിലാവാൻ നാം പഠിക്കണം.

നമ്മുടെ ശ്രമഫലമായി നാം നേടിയതെല്ലാം, ദൈവം നൽകിയ സമ്മാനങ്ങൾക്കുമുന്നിൽ നിഷ്പ്രഭമായിരിക്കും. നമ്മുടെ ത്യാഗം കൊണ്ടും, വർഷങ്ങളായുള്ള അർപ്പണഭാവത്തോടെയുള്ള പരിശീലനം കൊണ്ടും ആ ആത്യന്തികമായ ഉണ്മ പൂർണ്ണമായി നമ്മുടെ ഹൃദയത്തിലേക്കിറങ്ങിവരണമെന്ന് ആവശ്യപ്പെടാൻ നമുക്കധികാരമില്ല. ഭക്ത്യാദരപൂർവ്വം സമർപ്പിതമായ ശരണാഗതമായ ഹൃദയങ്ങളെ സജ്ജമാക്കാനാണ് നമ്മുടെ എല്ലാ പരിശീലനങ്ങളും. ശൂന്യമായ ഹൃദയത്തിന്റെ ഈ തയ്യാറെടുപ്പാണ് ആത്യന്തികതയെ ആകർഷിക്കുന്നത്. ആത്യന്തികമായ അവസ്ഥ അഥവാ പരകോടിയടയൽ, ദിവ്യമായ

ഭൂതദയയാലും അലിവുകൊണ്ടുമാണ്; മറിച്ച് നാം തയ്യാറാണെന്നതുകൊണ്ടല്ല. ഭഗവദ്ഗീതയിലെ രണ്ടാം അദ്ധ്യായം, 47-ാം ശ്ലോകം നൽകുന്ന അറിവ് ഇത്തരുണത്തിൽ പ്രസക്തമാവുന്നു:

कर्मण्येवाधिकारस्ते मा फलेषु कदाचन।
मा कर्मफलहेतुर्भुर्मा ते संगोऽस्त्वकर्मणि॥

നിയോഗിക്കപ്പെട്ട പ്രവൃത്തി നടത്തുന്നതിന് നിങ്ങൾക്ക് അവകാശമുണ്ട്, എന്നാൽ പ്രവൃത്തിയുടെ ഫലത്തിന് നിങ്ങൾ അവകാശിയല്ല.

നിങ്ങളുടെ പ്രവൃത്തിയുടെ ഫലത്തിന് നിങ്ങളാണ് കാരണമെന്ന് ഒരിക്കലും കരുതരുത്, അതുപോലെ, നിങ്ങളുടെ കർമ്മങ്ങൾ നടത്താതിരിക്കുന്നതിനോട് ഒരിക്കലും മമത കാണിക്കരുത്.

ഹൃദയപൂർവ്വമായ പ്രാർത്ഥനകളോടെ,

കമലേഷ്

ജൂലൈ 4, 2021
കൻഹ ശാന്തിവനം

പൂജ്യ ശ്രീ ചാരിജി മഹാരാജിന്റെ 94-ാം
ജന്മവാർഷികാഘോഷവേളയിൽനൽകിയ സന്ദേശം
ജൂലൈ 24, 2021

heartfulness
advancing in love